## പതിമൂന്നാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5283 02.07.2013 ലെ മറുപടിയ്ക്ക്

### കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ? | 1. മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ള ബി.പി.എൽ/എ.പി.എൽ കുടുംബങ്ങൾക്ക് ധനസഹായം ലഭിക്കും.<br><br>2. ഒരു കുടുംബത്തിന് പരമാവധി രണ്ട് ലക്ഷം രൂപയാണ് ചികിത്സാ ധനസഹായം നൽകുന്നത്. ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിൽ ഓരോ രോഗിക്കും രണ്ടു ലക്ഷം രൂപവരെ ധനസഹായം ലഭിക്കും.<br><br>3. കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലീയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്ക് ചികിത്സാ ധനസഹായം ലഭിക്കും.<br><br>4. എല്ലാ സർക്കാർ ആശുപത്രികളിലും കാരുണ്യ ബെനവലന്റ് ഫണ്ട്പദ്ധതി പ്രകാരം അക്രെഡിറ്റ് ചെയ്തിട്ടുള്ള സർക്കാരിതര ആശുപത്രികളിൽ ചികിത്സ തേടുന്നവർക്കും ചികിത്സാ ധനസഹായം ലഭിക്കും. |

സെക്ഷൻ ഓഫീസർ.